20641
3/10/17

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്-മലയാറ്റൂർ ഡിവിഷനിലെ തുണ്ടത്തിൽ റെയിഞ്ചിലെ കരിമ്പാനി ഫോറസ്റ്റ് സ്റ്റേഷൻ ഒ.ആർ.2/2005 നമ്പർ കേസിൽ വേണ്ടത്ര ഗൗരവം നൽകി അന്വേഷിക്കാത്ത ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടി-അന്വേഷണ ഉദ്യോഗസ്ഥനെ മാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.344/2017/വനം തീയതി, തിരുവനന്തപുരം, 17.09.2017

പരാമർശം :- 1) 24.06.2017 ലെ സ.ഉ(സാധാ) നം.238/2017/വനം ഉത്തരവ്

2) ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി4-34319/2015 നമ്പർ കത്ത്

**ഉത്തരവ്**

മലയാറ്റൂർ ഡിവിഷനിൽ, തുണ്ടത്തിൽ റെയിഞ്ചിലെ കരിമ്പാനി ഫോറസ്റ്റ് സ്റ്റേഷൻ ഒ.ആർ.2/2005 നമ്പർ കേസിൽ വേണ്ടത്ര ഗൗരവം നൽകി അന്വേഷിക്കാത്ത ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടിയിന്മേൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇൻഫർമേഷൻ ടെക്നോളജി) ഡോ.പി.പുകഴേന്തി, ഐ.എഫ്.എസിനെ അന്വേഷണാ ധികാരിയായും, തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ശ്രീ.പാട്ടീൽ സുയോഗ് സുഭാഷ് റാവു ഐ.എഫ്.എസിനെ പ്രസന്റിംഗ് ഓഫീസറായും നിയോഗിച്ച് പരാമർശം (1) പ്രകാരം ഔപചാരികാന്വേഷണത്തിന് ഉത്തരവായിരുന്നു.

2) എന്നാൽ ഡോ.പി.പുകഴേന്തി, ഐ.എഫ്.എസിനെ പട്ടികവർഗ്ഗ വികസന വകുപ്പിൽ ഡയറക്ടറായി നിയമിക്കുകയും, മിൽമ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല നൽകുകയും ചെയ്യുതിനാൽ ടി കേസിന്റെ അന്വേഷണ ചുമതലയിൽ നിന്നും ടിയാനെ ഒഴിവാക്കണമെന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (2) പ്രകാരം സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ, ഡോ.പി.പുകഴേന്തി, ഐ.എഫ്.എസിനെ ടി കേസിന്റെ അന്വേഷണാധികാരി സ്ഥാനത്തു നിന്നും മാറ്റി പകരം സെൻട്രൽ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ.രാജേഷ് രവീന്ദ്രൻ ഐ.എഫ്.എസിനെ പകരം അന്വേഷണ

ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണാധികാരി, അന്വേഷണ റിപ്പോർട്ട് 3 മാസത്തിനകം കൃത്യമായും സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജെയിംസ് വർഗ്ഗീസ്

അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)

ഡോ.പി.പുകഴേന്തി, ഐ.എഫ്.എസ്

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇൻഫർമേഷൻ ടെക്നോളജി)

ശ്രീ.രാജേഷ് രവീന്ദ്രൻ ഐ.എഫ്.എസ്

സെൻട്രൽ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ

ശ്രീ.പാട്ടീൽ സുയോഗ് സുഭാഷ് റാവു ഐ.എഫ്.എസ്

തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,

ശ്രീ.പി.കെ.രാജേഷ്,
റെയിഞ്ച് ഫോറസ്റ്റാഫീസർ,
ശ്രീ.കെ.പി.സുനിൽകുമാർ,
ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റാഫീസർ,
ശ്രീ.സി.സി.പത്രോസ്,
സെക്ഷൻ ഫോറസ്റ്റാഫീസർ
(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ